# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 3044.

3..4..2013-ൽ മറുപടിക്ക്

### സംസ്ഥാനത്തെ പാൽ ഉൽപ്പാദനം കൂട്ടാനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ:<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. ലൂഡി ലൂയിസ്: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പാൽ ഉൽപാദനം കൂട്ടാനുള്ള പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പാലുല്പാദനം കൂട്ടുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ രൂപീകരിച്ച നാഷണൽ ഡയറി പ്ലാൻ (National Dairy Plan) എന്ന പദ്ധതിയുടെ ആദ്യഘട്ടം (Phase-I) നടപ്പിലാക്കാൻ തെരഞ്ഞെടുത്ത 14 സംസ്ഥാനങ്ങളിൽ കേരളത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) നാഷണൽ ഡെയറി പ്ലാനിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>(i) ദേശീയതലത്തിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ഉരുക്കളുടെ (പശു/എരുമ) ഉല്പാദനക്ഷമത വർദ്ധിപ്പിച്ച്, അതുവഴി നിരന്തരമായി ഉയർന്നുകൊണ്ടിരിക്കുന്ന പാലിന്റെ ആവശ്യകത നേരിടാൻ തക്കവണ്ണം പാൽ ഉല്പാദനം വർദ്ധിപ്പിക്കുക.<br>(ii) ഗ്രാമീണ ക്ഷീരകർഷകർക്ക് തങ്ങളുടെ ഉല്പന്നം പാൽ സംസ്കരണ ശാലകൾ (Organised Sector) മുഖേന വിറ്റഴിക്കാനും, മെച്ചപ്പെട്ട വില ലഭിക്കുവാനും വഴി ഒരുക്കുക. |

| | |
|---|---|
| (സി) ഈ പദ്ധതി കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br><br>(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കേന്ദ്ര സഹായമാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) & (ഡി) കേന്ദ്രസർക്കാരിന്റെ സഹായത്തോടെ (NDDB) നടപ്പാക്കുന്ന പദ്ധതിയാണ് National Dairy Plan. ഇതിന്റെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(i) ഉല്പാദനക്ഷമത കൂടിയ ഉരുക്കളെ (പശു/എരുമ) സൃഷ്ടിക്കാനും, ജേഴ്സി/ഹോൾസ്റ്റീൻ ഫ്രീഷൻ ഇനത്തിൽപ്പെട്ട കാളകളെയോ അവയുടെ ബീജമോ ഇറക്കുമതി ചെയ്യുക, തീറ്റപുൽ കൃഷി വികസനം, പശുക്കളുടെ റേഷൻ ബാലൻസിംഗ് പ്രോഗ്രാം എന്നിവ.<br><br>(ii) ഗ്രാമീണതലത്തിൽ പാൽ സംഭരണത്തിനു വേണ്ടി (പാലിന്റെ തൂക്കം, ഗുണമേന്മ പരിശോധന എന്നിവയ്ക്ക്) അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.<br><br>(iii) പദ്ധതി നിർവ്വഹണവും പരിശീലനവും.<br>ഇതിനായി തെരഞ്ഞെടുക്കപ്പെട്ട നിർവ്വഹണ ഏജൻസികൾ തയ്യാറാക്കി നല്കുന്ന പ്രോജക്ടുകൾക്കനുസൃതമായാണ് ധനസഹായം അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ.